## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: **389**

**25.06.2014** ൽ മറുപടിക്ക്

### നദികളെ മാലിന്യമുക്തമാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നദികളെ മാലിന്യമുക്തമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ബി) ഇതിനായി പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) & (ബി) | നദികളിലേയ്ക്ക് വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, കെട്ടിടങ്ങൾ തുടങ്ങിയവിടങ്ങളിൽ നിന്നും ഒഴുക്കി വിടുന്ന പാഴ്ജലം ശുദ്ധീകരിച്ച ശേഷം ഒഴുക്കി വിടുന്നത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് അടച്ച് പൂട്ടൽ ഉത്തരവ് നൽകുകയും ചെയ്യുന്നു. നദീതീരങ്ങളിൽ താമസിക്കുന്നവർ നിക്ഷേപി ക്കുന്ന മാലിന്യങ്ങളും വ്യവസായ സ്ഥാപനങ്ങൾ മുഖേനയുള്ള മാലിന്യങ്ങളും നദികളിൽ എത്തിച്ചേരുന്നത് തടയുന്നതിനായി നഗര പ്രദേശങ്ങളിൽ ഫെൻസിംഗ് നടത്തുക, മാലിന്യങ്ങൾ കെട്ടിനിൽക്കുന്നത് ഒഴിവാക്കി നീരൊഴുക്ക് സുഗമമാക്കുക തുടങ്ങിയ പ്രവർത്തികൾ ത്രിതല പഞ്ചായത്തുകളുമായും നഗരസഭകളുമായും ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ നദികളിലേക്ക് ഓരുവെള്ളം കയറി നദികൾ മലിനപ്പെടാതിരിക്കാൻ റെഗുലേറ്ററുകളും തടയണകളും ഓരുമുട്ടുകളും നിർമ്മിക്കാറുണ്ട്.<br><br>നദീതീരങ്ങളിൽ, കൈയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇവ കൂടാതെ, നദീതീര സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നു.<br><br>സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് സ്റ്റേറ്റ് റിവർ & വെറ്റ്ലാൻഡ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്മെന്റ് ബോർഡ് എന്നിവ രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ അമെൻഡ്മെന്റ് ബിൽ 2013 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ ഇവയെല്ലാം രൂപീകരിക്കാൻ സാധിക്കുന്നതാണ്. |

പരമ്പരാഗത സ്രോതസ്സുകളായ കുളങ്ങളുടെ പുനരുദ്ധാരണവും സംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളും, ഏറ്റെടുക്കാൻ ലക്ഷ്യമിട്ട്, കേന്ദ്ര പദ്ധതികളായ റിപ്പയർ, റിനോവേഷൻ & റീസ്റ്റോറേഷൻ ഓഫ് പോണ്ട്സ് - ഗൈഡ്ലൈൻ അനുസരിച്ച് പദ്ധതികൾ തയ്യാറാക്കി വരുന്നു.

| | | | |
|---|---|---|---|
| (സി) | പദ്ധതി രൂപീകരണത്തിൽ ഏതെല്ലാം വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) & (ഡി) | നദികൾ മാലിന്യമുക്തമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ, ഗവേഷണ സ്ഥാപനങ്ങൾ, റവന്യൂ, കുടുംബശ്രീ എംജിഎൻആർഇജിഎസ്, പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പ്, നഗരാസൂത്രണം തുടങ്ങിയ വകുപ്പുകളുടെ സഹായം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ